**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4142 16.12.14 ലെ മറുപടിക്ക്**

## "വിൽപന നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പരിശോധനാ നടപടി"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് സാമ്പത്തിക വർഷം നാളിതു-വരെ നികുതി വെട്ടിപ്പ് തടയാനായി ഇറക്കുമതി ഫർണിച്ചർ വില്പന സ്ഥാപനങ്ങൾ, കാർ ഉപകരണ വില്പന സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ എത്ര സ്ഥാപനങ്ങളിൽ വില്പന നികുതി വകുപ്പ് പരിശോധന-കൾ നടത്തിയിട്ടുണ്ട്; | (എ) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ നികുതി വെട്ടിപ്പ് തടയാനായി വിവിധ മേഖലകളിലെ '283' സ്ഥാപനങ്ങളിൽ വാണിജ്യ നികുതി വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. പ്രഥമദൃഷ്ട്യാ 1404.52 ലക്ഷം രൂപയുടെ ക്രമക്കേട് കാണുകയുണ്ടായി. കട പരിശോധനാ റിപ്പോർട്ട്, വ്യാപാരികളുടെ കണക്കുമായി ഒത്തുനോക്കി പരിശോധിച്ചതിന് ശേഷം മാത്രമേ യഥാർത്ഥ നികുതി വെട്ടിപ്പും അതിന്റെ സ്വഭാവവും വെട്ടിപ്പിലടങ്ങിയിരിക്കുന്ന Turnover-ഉം പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. രജിസ്റ്ററുകളുടെ പരിശോധന നടന്നു വരുന്നു. |
| (ബി) | ഇവയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാം എന്നും എത്ര തുകയുടെ ക്രമക്കേടുകളും വെട്ടിപ്പും കണ്ടെത്തിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ജില്ല തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | നികുതി വകുപ്പ് നടപ്പ് വർഷം നാളിതുവരെ എത്ര സ്വർണ്ണ വിപണന | (സി) | സ്വർണ്ണ വിപണന കേന്ദ്രങ്ങളിലെ പരിശോധന റിപ്പോർട്ട് ജില്ല തിരിച്ച് |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങൾ പരിശോധിച്ചുവെന്നും എന്തെങ്കിലും ക്രമക്കേടുകളോ, നികുതി വെട്ടിപ്പോ കണ്ടെത്തിയോ എന്നും വ്യക്തമാക്കുമോ; എത്ര തുകയുടെ നികുതി വെട്ടിപ്പാണ് ഇത്തരത്തിൽ കണ്ടെത്തിയത്; ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ സ്വർണ്ണ വിപണന കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | | ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് വിപണനം നടത്തുന്ന ബ്രാൻഡെഡ് ഉൽപ്പെടെയുള്ള വിവിധ ഉല്പന്നങ്ങൾക്ക് യഥാർത്ഥ വിലയെക്കാൾ കൂടുതൽ തുക വിലയായി പ്രിന്റ് ചെയ്ത് പല വിലകളിൽ കച്ചവടം നടത്തി ഉപഭോക്താക്കളെ കബളിപ്പിക്കുന്നതും ഇതിലൂടെ ഉണ്ടാകുന്ന നികുതി വെട്ടിപ്പും കണ്ടെത്തി തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (ഡി) | ബ്രാൻഡെഡ് ഉല്പന്നങ്ങളുടെ വില MRP യേക്കാൾ കൂടുതൽ തുകയ്ക്ക് വിൽക്കുന്നതായി വാണിജ്യ നികുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇത്തരത്തിൽ ബ്രാൻഡെഡ് ഉല്പന്ന വിപണനത്തിലൂടെ നികുതി വെട്ടിപ്പ് നടത്തിയതിന്മേൽ നടപ്പ വർഷം നാളിതുവരെ എത്ര തുക പിഴയിനത്തിൽ ഈടാക്കി? | (ഇ) | ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

**സെക്ഷൻ ഓഫീസർ**